"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിലവിൽ വിട്ടുകിട്ടിയിട്ടുള്ള കില ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള SCORPIO വാഹനത്തിന്റെ ഇന്ധനം, ടാക്സ്, ഇൻഷ്വറൻസ്, അറ്റകുറ്റ പണികൾ എന്നിവയ്ക്ക് തുക അനുവദിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.15/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 01.01.2020**

പരാമർശം: 1) സ.ഉ.(സാധാ) നം.868/2018/തസ്വഭവ , തീയതി, 28.03.2018.
2) കില ഡയറക്ടറുടെ 03.12.2019-ലെ KILA-2018/101/2806 നമ്പർ ഉത്തരവ്.
3) പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2019, 12.12.2019 തീയതികളിലെ എ1/07/18/പി.ഡി-എൽ.എസ്.ജി.ഡി. നമ്പർ കത്തുകൾ.

## ഉത്തരവ്

തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം ചീഫ് എഞ്ചിനീയറുടെ തിരുവനന്തപുരം കാര്യാലയത്തിലെ ഒരു വാഹനം ഇന്ധനം ഉൾപ്പെടെയുള്ള ചെലവുകൾ തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം തന്നെ വഹിക്കണമെന്ന വ്യവസ്ഥയിൽ ഡ്രൈവർ സഹിതം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു.

കാലപ്പഴക്കം കൊണ്ട് പ്രവർത്തനക്ഷമമല്ലാതായി മാറിയ പ്രസ്തുത വാഹനം യാത്രകൾക്ക് വളരെ ബുദ്ധിമുട്ടായി മാറിയതിനാൽ, പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് കില ഡയറക്ടറോട് ഒരു വാഹനം അഭ്യർത്ഥിക്കുകയും കില ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള KL-50-4850 നമ്പർ SCORPIO വാഹനം, ഈ വാഹനത്തിന്റെ അറ്റകുറ്റ പണികൾ, ഇൻഷ്വറൻസ്, ഇന്ധനചെലവ്, ഡ്രൈവറിന്റെ വേതനം തുടങ്ങിയ എല്ലാ ചെലവുകളും ഉത്തരവാദിത്വങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ വഹിക്കണമെന്ന വ്യവസ്ഥയിൽ പരാമർശം (2) പ്രകാരം കൈമാറി നൽകുകയും ചെയ്തിരുന്നു. എന്നാൽ വാഹനത്തിന്റെ മേൽ ചെലവുകൾ വഹിക്കുവാൻ നിലവിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് നിർവ്വാഹമില്ലായെന്നും ആയതിനാൽ ഇതിലേയ്ക്ക് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തണമെന്നും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ ഉടമസ്ഥതയിലുള്ള KL 01 AY 8568 നമ്പർ അംബാസിഡർ കാർ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറിന് തിരികെ നൽകുന്നതിനുള്ള അനുമതി നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ ഉടമസ്ഥതയിലുള്ള KL 01 AY 8568 നമ്പർ അംബാസിഡർ കാർ കാലപ്പഴക്കം കൊണ്ട് പ്രവർത്തനക്ഷമമല്ലാതായി മാറിയതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വാഹനം തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറിന് തിരികെ നൽകുന്നതിനുള്ള അനുമതി നല്കിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിലവിൽ വിട്ടുകിട്ടിയിട്ടുള്ള

കില ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള KL-50-4850 നമ്പർ SCORPIO വാഹനത്തിന്റെ ഇന്ധനം, ടാക്സ്, ഇൻഷുറൻസ്, അറ്റകുറ്റ പണികൾ എന്നിവയ്ക്ക് തുക അനുവദിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (1) പ്രകാരം അനുവദിച്ച നല്കിയ ഡ്രൈവറുടെ സേവനം തുടർന്നും ഉപയോഗിക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ